# ‘ദൈവീക സാന്നിധ്യം’

## അപ്പൊസ്തല പ്രവൃത്തികൾ 7:10

‘‘എന്നാൽ ദൈവം അവനോടുകൂടെ ഇരുന്നു സകല സങ്കടങ്ങളിൽ നിന്നും അവനെ വിടുവിച്ചു മിസ്രയീംരാജാവായ ഫറവോന്റെ മുമ്പാകെ അവനു കൃപയും, ജ്ഞാനവും കൊടുത്തു. അവൻ അവനെ മിസ്രയീമിനും തന്റെ സർവ്വഗൃഹത്തിനും അധിപതിയാക്കി വെച്ചു.’’

വേദപുസ്തക ചരിത്രത്തിലെ ഏറ്റവും ശക്തനായ ദൈവപുരുഷന്മാരിൽ ഒരുവനായി യോസെഫ് നിലകൊള്ളുന്നു. നാം വായിച്ചു കണ്ടതായ ഒറ്റവാക്യത്തിൽതന്നെ അവന്റെ ജീവിതത്തെ മുഴുവനായി വരച്ചു കാണിക്കുന്നു.

1. ദൈവം അവനോടുകൂടെ ഇരുന്നു.
2. സകല സങ്കടങ്ങളിൽ നിന്നും വിടുവിച്ചു.
3. മിസ്രയീംരാജാവായ ഫറവോന്റെ മുമ്പാകെ നിൽക്കാനുള്ള ജ്ഞാനവും കൃപയും കൊടുത്തു.
4. മിസ്രയീമിനും സർവ്വഗൃഹത്തിനും അധിപതിയാക്കിവെച്ചു.

ദൈവം വിളിച്ച ജീവിതങ്ങളെ, ദൈവമക്കളെ അവൻ നടത്തുന്ന അതിശയകരമായ കാഴ്ചയാണ് നാം കണ്ടത്. ഇത് യോസേഫിന്റെ മാത്രമല്ല, ഓരോ ദൈവപൈതലിന്റെയും വാഗ്ദത്തമാകുന്നു. അത്യന്തധികമായ അനുഗ്രഹം നാം കണ്ടു, സർവ്വഗൃഹത്തിനും അധിപതിയായ യോസേഫ്. എന്നാൽ, കർത്താവിന്റെ സാന്നിധ്യം ഓരോ നിമിഷം കൂടെയുണ്ടെങ്കിലേ ഈ വിജയത്തിലേക്ക് മുന്നേറുവാൻ സാധിക്കൂ എന്ന സത്യം നമുക്ക് വെളിപ്പെടുത്തുന്നു.

യോസേഫിനെ, തന്റെ മറ്റു മക്കളെക്കാൾ അധികമായി യാക്കോബ് സ്നേഹിച്ചിരുന്നു. ബാലനായിരുന്ന അവൻ കണ്ട സ്വപ്നത്തിന്റെ വ്യാഖ്യാനം അപ്പൻ മനസ്സിൽ സംഗ്രഹിച്ചു എന്നാണല്ലോ ദൈവവചനം (ഉല്പത്തി 37:11). എന്നാൽ ദർശനത്തിന്റെ (സ്വപ്നത്തിന്റെ) പൂർത്തീകരണത്തിനു പിറകിൽ വലിയൊരു പാത ഉണ്ടായിരുന്നു. അതും കയ്പേറിയതായ നീണ്ട പടിയുള്ള പൊട്ടക്കിണറിന്റെ അനുഭവം. പിന്നീട് മിദ്യാന്യർക്ക് വിൽക്കുന്നതായ യോസേഫ്, അവിടെയും തീരുന്നില്ല, പൊത്തീഫറിന്റെ ഭവനത്തിലും അവനെ വീഴ്ത്തുവാൻ കെണി ഉണ്ടായിരുന്നു. പിന്നെ കാരാഗൃഹ ജീവിതം. ഓരോ ശോധനയുടെ പടവിലൂടെയും യോസെഫിനെ ദൈവം വാർത്തെടുക്കുകയായിരുന്നു. ഒടുവിൽ ഉല്പത്തി 41:40 വാക്യം പറയുന്നു ‘‘നീ എന്റെ ഗൃഹത്തിനു മേലധികാരിയാകും, നിന്റെ വാക്ക് എന്റെ

ജനമെല്ലാം അനുസരിച്ചു നടക്കും. സിംഹാസനംകൊണ്ടു മാത്രം ഞാൻ നിന്നെക്കാൾ വലിയവനായിരിക്കും.'' മിസ്രയീംരാജാവായ ഫറവോൻ യോസേഫിനെ ആദരിച്ചത് ഇങ്ങ നെയായിരുന്നു.

ഫറവോന്റെ മുമ്പാകെ അവനു മാനത്തോടെ, ബലത്തോടെ, വിവേകത്തോടെ നിൽക്കാൻ കഴിഞ്ഞത് എന്തുകൊണ്ടെന്നും നാം കണ്ടു. അവനോടു കൂടെയിരുന്ന ദൈവികസാന്നിധ്യം. ആ കരങ്ങളിൽ നിന്നും ലഭിച്ചതായ കൃപയും ജ്ഞാനവും മാത്രം. കടന്നുപോയ സാഹചര്യങ്ങൾ മുന്നമെ യോസെഫിനെ കാണിച്ചിരുന്നെങ്കിൽ ഒരുപക്ഷേ അവൻ ഇതൊക്കെ തന്റെ ജീവിതത്തിൽ നിന്ന് നീക്കിത്തരുവാൻ അപേക്ഷിക്കുമായിരുന്നു. എന്നാൽ താൻ കണ്ട ദർശനം കറ്റകൾ എഴുന്നേറ്റുനിന്നു വണങ്ങുന്ന ദിനം. അത് ഇന്നല്ലെങ്കിൽ നാളെ ജീവിതത്തിൽ വെളിപ്പെടുമെന്ന ഉറപ്പ് അവനുണ്ടായിരുന്നു.

നാം കടന്നുപോകുന്ന ജീവിതത്തിന് ചില ദൈവിക പദ്ധതികൾ ഉണ്ട്. ഇന്ന് മറ്റുള്ളവരെക്കാളും തരംതാണ നിലയിലാണല്ലോ എന്റെ ജീവിതാനുഭവം എന്ന് നാം ചിന്തിച്ചേക്കാം. അതല്ലെങ്കിൽ പല മിസ്രയീമിന്റെയും അനുഭവങ്ങളാകാം. ചില ഫറവോ ന്മാരുടെ മുമ്പിൽ നിൽക്കേണ്ടുന്ന സാഹചര്യങ്ങൾ കടന്നുവരാം. ഒരു തുള്ളി വെള്ളം പോലും ശേഷിക്കാത്ത രീതിയിൽ പൊട്ടക്കിണറിന്റെ അനുഭവങ്ങളുടെ മുമ്പിലായിരിക്കാം. എന്നാൽ വഴി തുറക്കാൻ മതിയായവനായ കർത്താവിന്റെ സാന്നിധ്യം കൂടെയുണ്ട് എന്ന ഉറപ്പ് ഇന്ന് വിശ്വാസകണ്ണാലേ കാണുവാൻ ഇടയാകണം. യോസേഫിന്റെ ദൈവം നമ്മുടെയും ദൈവം ആകുന്നു. കടന്നുപോകേണ്ട വഴികളെ മുന്നമെ അറിയുന്നവൻ അവൻ മാത്രം. വഴി തുറക്കാതെ, പാത തെളിക്കാതെ അവൻ മുമ്പോട്ടു നയിക്കില്ല. സകലത്തിലും ജയം തരാൻ അവന്റെ 'കൃപ' 'ജ്ഞാനം' അതിനു മാത്രമായി നമുക്കു യാചിക്കാം. യോസേഫിനെ മുന്നമെ ദൈവം തിരഞ്ഞെടുത്ത് ഇതിലൂടെ ഒക്കെയും കടത്തിവിട്ടത് കുടുംബത്തിനെ മുഴുവൻ രക്ഷിക്കാനായിരുന്നു. നമ്മെയും അതിനായി കർത്താവ് തിരഞ്ഞെടുത്ത വൻകൃപകൾക്കായി സ്തോത്രം ചെയ്യാം. സകലത്തിലും യോസേഫിന്റെ കൂടെയിരുന്ന ദൈവികസാന്നിധ്യം, നമ്മെയും വിട്ടുമാറാതെ പിൻ തുടരണമെയെന്ന് പ്രാർത്ഥിക്കാം. കർത്താവ് അനുഗ്രഹിക്കട്ടെ.

പരാമർശം :
2. ദിനവൃത്താന്തം 7:14

മനംതകർന്നവരെ അവൻ സൌഖ്യമാക്കുകയും അവരുടെ മുറിവുകളെ കെട്ടുകയും ചെയ്യുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 078